# പള്ളികഥകൾ

## മിനികഥകൾ നാല്പത്തിഒന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ തലയിൽ കിടക്കുന്ന ആയിരമായിരം കഥകളുടെ ചരടു പൊട്ടിക്കാൻ തുടങ്ങി. പലപ്പോഴും കഥ പറയുന്നതിനു മുമ്പു് ശരിക്കും ചിരിച്ചിരിക്കും. ചിരിച്ചുകൊണ്ടിരിക്കുന്ന ജോസഫച്ചനെ കാണാൻ നല്ല ഭംഗിയാണ്. ഇത് അച്ചനോടു പറഞ്ഞാൽ, ഇത്രയും പ്രായമായ, കിഴവനായ ജോസഫച്ചൻ നാണം കുണുങ്ങുന്നതു കണ്ടാൽ നമ്മുടെ നാട്ടിലെ കൊച്ചു പെൺപിള്ളേർ തോറ്റു പോകും.

# വെളുക്കാൻ തേച്ചത്

അമേരിക്കയിലുള്ള ഒരു കൊച്ച് ഇടവകയിൽ നടന്ന സംഭവമാണിത്. ആകെ ഇരുപത്തിയേഴ് വീട്ടുകാരേ ഉള്ളൂ എങ്കിലും എല്ലാം നല്ല കാന്താരി മുളകു പോലെയാണ്. എല്ലാവക്കും പള്ളിയിയോട് അതിരറ്റ സ്നേഹമാണ്. "അമിതസ്നേഹം കുടികെടുത്തുമെന്ന്" കേട്ടിട്ടുള്ളത് അക്ഷരാത്ഥത്തിൽ ഇവിടെ ശരിയാണ്.

ഏതെങ്കിലും രണ്ടു പേർ തമ്മിൽ പിണക്കമായാൽ, അച്ചൻ പോയ് ഇടപെട്ട് അത് ശരിയാക്കി വന്നാലുടനെ വേറെ രണ്ടു പേർ തമ്മിലായ് പിണക്കം. അതും അച്ചൻ പോയി ഒരു വിധത്തിൽ ശരിയാക്കി വന്നാലുടനെ വേറെ ഏതെങ്കിലും വീട്ടുകാർ തമ്മിലാവും പിണക്കം. അങ്ങിനെ എന്നും പിണക്കം മാറ്റാലാണ് അച്ചന്റെ പ്രധാന ദൗത്യം. എന്നാൽ ഉള്ളതു പറഞ്ഞാൽ ഈ ആൾക്കാരെല്ലാം വളരെ നല്ലവരുമാണ്.

ഇടവകാംഗങ്ങൾ എല്ലാം ശരാശരി വരുമാനമുള്ളവരാണെങ്കിലും അവരെല്ലാം ധാരാളമായി പള്ളിക്ക് കൊടുക്കാൻ സന്മനസ്സുള്ളവരും കൊടുക്കുന്നവരുമാണ്. യഥാത്ഥത്തിൽ അവരുടെ വികാരിയായി വന്ന ചേരുന്ന പല അച്ചന്മാരും വെള്ളം കുടിച്ചിട്ടുണ്ട്. അവരെല്ലാം പറയുന്നത് അക്ഷരാത്ഥത്തിൽ ശരിയാണ്. പള്ളിയുടെ ആരോഗ്യകരമായ വളച്ച്യൂതെല്ലാം ഉത്തമവുമാണ്. ആ പള്ളിയുടെ വികാരിയായിട്ട് ഇരുന്നിട്ട് പോകുന്ന അച്ചന്മാർ മേലാൽ ഇടവക ഭരണത്തിനില്ലന്ന് തലയിൽ കൈവെച്ച് പറഞ്ഞാണ് പിരിഞ്ഞിട്ടുള്ളത്. അവിടെ വരുന്ന അച്ചന്മാർ, എത്രയും പെട്ടന്ന് അവിടെ നിന്ന് പിരിഞ്ഞു പോയാൽ മതിയെന്ന് സത്യമായും പറഞ്ഞിട്ടുണ്ട്.

ആ പള്ളിയിൽ എല്ലാ ഞായറാഴ്ച്ചയും ആരാധന കഴിഞ്ഞാലുടനെ ഭക്ഷണമുണ്ട്. വഷത്തിൽ രണ്ടു പ്രാവശ്യമുണ്ടാക്കിയാൽമതിയല്ലോ. അത് അവക്കെല്ലാം വളരെ സന്തോഷവുമാണ്. എല്ലാവരും അവരുടെ വീട്ടിൽ തന്നെയാണ് ഇത് തയ്യാറാക്കുന്നതും. അതിലും അവക്കും വാശിയാണ്: മറ്റെല്ലാവരും കൊണ്ടുവരുന്നതിനേക്കാൾ മെച്ചമായിരിക്കണം ഞങ്ങൾകൊ ണ്ടു പോകുന്നതെന്ന വാശിയിലാണ് അവർ ഭക്ഷണം തയ്യാറാക്കി കൊണ്ടു പോകുന്നത്. ചുരുക്കി പറഞ്ഞാൽ എല്ലാ ഞായറാഴ്ച്ചയും ഏറ്റവും രുചികരമായ കേരളീയ ഭക്ഷണം ആ പള്ളിയിൽ കാണും. ഇത്രയും കുടുംബക്കാക്കുണ്ടാക്കിയാൽ മതിയല്ലോ. നല്ല രുചിയുള്ള ഭക്ഷണം കഴിക്കാമല്ലോയെന്ന ചിന്തയിൽ തന്നെ മിക്കവാറും എല്ലാ ആളുകളും പള്ളിയിൽ വരും. ചിലർ പള്ളി പിരിയുന്ന സമയത്തായിരിക്കും വരിക. എന്നാലും ഭക്ഷണ സമയത്ത് എല്ലാവരും അവിടെ കാണും.

പള്ളിയിലേക്ക് ആണ്ടോടാണ്ട് വെക്കേണ്ട ചോറിന്റെ അരി അവിടെയുള്ള ഒന്ന രണ്ട് അച്ചായന്മാർ കൊടുക്കുന്നുണ്ട്. പള്ളിയിലെ ഒന്ന രണ്ടു ആൾക്കാരുടെ സ്ഥിരം പരിപാടി പള്ളിയിൽ ചെന്നാലുടനെ ആദ്യമായ് ഒരു കപ്പ് കാപ്പി കുടിച്ചിട്ട് ചോറു വെക്കാൻ തുടങ്ങും. അങ്ങനെ അവരെ കഞ്ഞിപാപ്പി, കഞ്ഞിവറീതെന്നും ജനങ്ങൾ അപരനാമമിട്ടിട്ടുണ്ട്. പക്ഷേ അവരെ കേൾക്ക് ആരും വിളിക്കത്തില്ല. വേറെ ചിലർ, പള്ളിയിൽ കാലത്തു വന്നാലുടനെ പോയി ഒരു കാപ്പി കുടിച്ച് അല്പം സ്വരയും കഴിഞ്ഞിട്ടേ പള്ളിയിലേക്ക് കയറുകയുള്ളു. ആ നാട്ടിൽ നടക്കുന്ന വിശേഷങ്ങളെല്ലാം ഒരു ഞായറാഴ്ച ആ പള്ളിയിൽ വന്ന പോയ്ക്കഴിഞ്ഞാലുടനെ എല്ലാവക്കും കിട്ടിയിരിക്കും. അങ്ങിനെ ആ പള്ളിയിൽ പോകുന്നവക്ക് പല ഗുണങ്ങളാണുള്ളത്. അതുകൊണ്ട് എത്ര വൈകിയായാലും എല്ലാ ഞായറാഴ്ച്ചയും പള്ളിയിലെ എല്ലാ ആൾക്കാരും പള്ളിയിൽ കാണും.

ആ പള്ളിയിലുള്ളവരുടെ ജന്മദിനപ്രാത്ഥന, വിവാഹ വാഷിപ്രാത്ഥന, പള്ളിക്കൂടം തുറക്കുമ്പോളുള്ള പ്രാത്ഥന എന്നു വേണ്ട എല്ലാ കാര്യത്തിന്റേയും പ്രാത്ഥനകൾ മുടക്കം കൂടാതെ നടക്കുന്നുണ്ട്. ഈ ഓരോ കാരണങ്ങളുടേയും പേരിൽ ഭക്തജനങ്ങൾ ഭക്ഷണം കരുതി കൊണ്ടു വരാറുണ്ട്.

ആദ്യകാലങ്ങളിൽ കാച്ചിയ മോര് കൊണ്ടു വരാൻ വലിയ പ്രയാസമായിരുന്നു. എങ്ങിനെ കൊണ്ടു വന്നാലും പള്ളിയിൽ എത്തുമ്പോൾ അത് അല്പമെങ്കിലും വണ്ടിയിൽ വീണിരിക്കും. പള്ളിയിൽ കൊണ്ടു പോകുന്നതിന്റെ അംശം വീണതല്ലേ; അത് ദൈവാനുഗ്രഹമെന്ന് ഭക്തജനങ്ങൾ വിശ്വസിച്ചു. നേരു ദോഷം പറയരുതല്ലോ: അങ്ങിനെയുള്ള വണ്ടികൾക്കൊന്നിനും യാതൊരപകടവും സംഭവിച്ചിരുന്നില്ല. എന്തായാലും പള്ളി വക കാച്ചിയമോരു കൊണ്ടുവരാനുള്ള നല്ല അടപ്പുള്ള വലിയ പാത്രം വാങ്ങിച്ചു. അപ്പോൾ ഓരോ ഞായറാഴ്ച്ചയും അടുത്ത ഞായറാഴ്ച പള്ളിയിൽ വരുന്നവർ ആ പാത്രം കൊണ്ടു പോയി ഉപയോഗിക്കാൻ തുടങ്ങി. അതല്ലായിരുന്നെങ്കിൽ രണ്ടു മൂന്ന പാലു വാങ്ങികൊണ്ടു വരുന്ന പ്ലാസ്റ്റിക്കിന്റെ പാത്രത്തിൽ വളരെ കഷ്ടപ്പെട്ടൊഴിച്ചു കൊണ്ടു വരികയായിരുന്ന പതിവ്. അതുപോലെ പപ്പടം ഗാർബേജ് ബാഗിൽ കൊണ്ടു വന്നാൽ പൊട്ടിപ്പോകുന്നതു കണ്ട് പള്ളി വക വലിയ ഒരു പ്ലാസ്റ്റിക്ക് പാത്രം വാങ്ങിച്ച് അതിൽ കൊണ്ടു വരവു തുടങ്ങി.

ആ പള്ളിയിലെ ജോണിച്ചായനും കൊച്ചുമോനും തമ്മിൽ ദീഘ്കാലമായുണ്ടായിരുന്ന വഴക്ക് അച്ചൻ ഇടപെട്ട് തീത്തിട്ട് വെറും രണ്ടാഴ്ച്ചയേ ആയുള്ളു. ജോണിച്ചായൻ ഏകദേശം എഴുപതു വയസു പ്രായം ചെന്നയാളാണ്. കൊച്ചു മോനാണെങ്കിൽ ഏകദേശം നാല്പത്തിയേഴു വയസും. ആ ആഴ്ച്ചയിലെ ഭക്ഷണം കൊച്ചുമോനാണ് ഏറ്റെത്. ഞായറാഴ്ച കാലത്ത് ഭക്ഷണങ്ങളുമായ് കൊച്ചുമോൻ പള്ളിയിൽ എത്തിയപ്പോഴാണ് നമ്മുടെ ജോണിച്ചായനും എത്തിയത്. കൊച്ചുമോനും ഭാര്യയും കൂടെ ഭക്ഷണങ്ങളെല്ലാം എടുത്തുകൊണ്ടു പോകാനായി തുടങ്ങിയപ്പോൾ നമ്മുടെ ജോണിച്ചായനും കൈനീട്ടി ഒരു പാത്രം വാങ്ങി കൊണ്ടുപോയ് അവരെ സഹായിക്കാനായിട്ട്. "വേണ്ടാ, നിങ്ങൾ പൊയ്ക്കോ" എന്ന് പറഞ്ഞിട്ടുപോലും വകവെയ്ക്കാതെ ജോണിച്ചൻ വാങ്ങി. രണ്ടു ദിവസം മുമ്പ് മഞ്ഞ് വീണ് തെന്നിക്കിടന്ന സ്ഥലത്തേക്കാണ് മീൻ കറിയുമായ് ജോണിച്ചൻ അടുത്ത ചുവടു വെച്ചതും, മലന്നടിച്ച് വീണതും ഒന്നിച്ച്. എല്ലാ ഞായറാഴ്ച്ചയും സ്യൂട്ടു മാത്രം ധരിച്ചു കൊണ്ടു വരുന്ന ജോണിച്ചന്റെ എഴുന്നൂറു ഡോളർ വിലയുള്ള പുത്തൻ സ്യൂട്ട് നിറച്ച് മീൻകറിയുമായി മലന്നു കിടപ്പായി.

എന്തായാലും അന്യായം പിടിച്ച വിലയ്ക്കു വാങ്ങിയ മീൻ മുഴുവൻ അയാൾ മനപ്പൂവ്വം കളഞ്ഞെന്ന് ഒരുകൂട്ടർ. ആബുലൻസിൽ നടുവൊടിഞ്ഞ അയാളെ കൊണ്ടുപോയപ്പോൾ, മനപ്പൂവ്വം അയാളുടെ കയ്യിൽ കറികൊടുത്ത് അയാളെ പഴയ വൈരാഗ്യം വെച്ച് താഴെയിട്ടതെന്ന് വേറൊരു കൂട്ടർ.